"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്- എറണാകുളം ജില്ല- വരാപ്പുഴ ഗ്രാമപഞ്ചായത്ത്- സെന്റ് ജോസഫ് എൽ.പി. സ്കൂളിന്റെ അംഗീകൃതകെട്ടിടങ്ങളോട് കൂട്ടി ചേർത്തിട്ടുള്ള നിർമ്മാണങ്ങൾ- ക്രമവൽക്കരിയ്ക്കുന്നത് - കേരള പഞ്ചായത്ത് ബിൽഡിംഗ് റൂൾസ് 2019- ചട്ടം 3(4) (b) പ്രകാരം ഇളവ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ(ആർ ബി).. വകുപ്പ്**

G.O.(Rt)No.775/2024/LSGD തീയതി,തിരുവനന്തപുരം, 27-04-2024

പരാമർശം:-
1. സെന്റ് ജോസഫ് എൽ.പി. സ്കൂൾ മാനേജിംഗ് ഡയറക്ടർ, ഫാ. അലക്സ് കറ്റേഴത്തിന്റെ 05.06.2023 ലെ അപേക്ഷ.
2. വരാപ്പുഴ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 16/06/2023 തീയതിയിലെ എസ്.സി3/3014/2023 നമ്പർ കത്ത്.
3. ചീഫ് ടൗൺ പ്ലാനറുടെ 25/02/2024 തീയതിയിലെ LSGD/PD/56358/2023-TCPA2 നമ്പർ കത്ത്

**ഉത്തരവ്**

എറണാകുളം ജില്ലയിലെ പറവൂർ താലൂക്കിൽ വരാപ്പുഴ വില്ലേജിൽ വരാപ്പുഴ ഗ്രാമപഞ്ചായത്തിൽ സർവ്വേ നമ്പർ 274/20 D, 274/20C, 274/20B-2, 274/20A2 എന്നിവയിൽ ഉൾപ്പെട്ട 20.16 ആർ സ്ഥലത്ത് നിലവിലുള്ള സർക്കാർ അംഗീകൃത സ്കൂൾ (Aided School) ആയ സെന്റ് ജോസഫ് എൽ.പി. സ്കൂളിന്റെ അംഗീകൃത കെട്ടിടങ്ങളോട് കൂട്ടിചേർത്തിട്ടുള്ള നിർമ്മാണങ്ങൾ ക്രമവൽക്കരിക്കുവാനും പുതിയ കെട്ടിടം നിർമ്മിക്കുവാനും സർക്കാരിൽ നിന്നും കേരള പഞ്ചായത്ത് ബിൽഡിംഗ് റൂൾസ് 2019 ചട്ടം 3(4)(ബി) പ്രകാരം ഇളവ് ലഭ്യമാക്കുവാൻ വരാപ്പുഴ ഗ്രാമപഞ്ചായത്ത് സെക്രട്ടറി മുഖേന ഫാദർ അലക്സ് കാറ്റേഴത്ത്, പുത്തൻപള്ളി ചർച്ച് പരാമർശം (1) പ്രകാരം അപേക്ഷ ലഭ്യമാക്കിയിരുന്നു.

2. കേരള പഞ്ചായത്ത് ബിൽഡിംഗ് റൂൾ 2019 ചട്ടം 23 (1) റോഡിൽ നിന്നുള്ള അകലം, ചട്ടം 26 സെറ്റ്ബാക്ക്, ചട്ടം 27 കവറേജ് എന്നീ ചട്ടങ്ങളിൽ നിന്നും ഇളവ് ലഭ്യമാക്കാനാണ് അപേക്ഷിച്ചിരിക്കുന്നത്. ക്രമവൽക്കരിക്കാനായി കാണിച്ചിട്ടുള്ള നിർമ്മാണങ്ങളുടെ കുറച്ചുഭാഗം 3.6 മീറ്റർ വീതിയുള്ള റോഡിനെ അബട്ട് ചെയ്യുന്നതായും കുറച്ചുഭാഗത്ത് 1.9 മീറ്റർ മുതൽ 4.3 മീറ്റർ വരെ സെറ്റ്ബാക്ക് ലഭിക്കുന്നതായും 3.6 മീറ്റർ വീതിയുള്ള ശ്രദ്ധാലയം റോഡ് ഗ്രാമപഞ്ചായത്ത് നോട്ടിഫൈ ചെയ്ത റോഡല്ലെന്ന് വരാപ്പുഴ ഗ്രാമപഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തതായി പരാമർശം (3) പ്രകാരം ചീഫ് ടൗൺ പ്ലാനർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3. ക്രമവൽക്കരിക്കുവാനുള്ള കെട്ടിടം (തെക്ക് പടിഞ്ഞാറ് ഭാഗത്ത് ഉള്ളത് ) ചട്ടം 23 (1) പ്രകാരം റോഡ് അതിർത്തിയിൽ നിന്നുള്ള അകലം, ചട്ടം 26 (4) പ്രകാരം rear yard ന്റെ ലംഘനം എന്നിവയ്ക്ക് ചട്ടപ്രകാരം 2 മീറ്റർ ആവശ്യമാണെന്നും, റോഡിന്റെ അതിർത്തി ചേർത്ത് നിർമ്മിച്ചിരിക്കുന്നതിനാൽ ടി വശത്ത് സീറോ സെറ്റ് ബാക്ക് ആണ് ലഭ്യമാകുന്നതെന്നും

274/20C, 274/20B-2 , 274/20A2 എന്നിവയിൽ ഉൾപ്പെട്ട 20.16 ആർ സ്ഥലത്ത് നിലവിലുള്ള സർക്കാർ അംഗീകൃത സ്കൂൾ (Aided school) ആയ St. Joseph L.P.School ന്റെ അംഗീകൃത കെട്ടിടങ്ങളോട് കൂട്ടിചേർത്തിട്ടുള്ള നിർമ്മാണങ്ങൾ ക്രമവൽക്കരിക്കാനും പുതിയ കെട്ടിടം നിർമ്മിയ്ക്കുന്നതിലേയ്ക്കും, ചീഫ് ടൗൺ പ്ലാനറുടെ ശുപാർശ പരിഗണിച്ച്, സ്കൂളിനെ ചുറ്റിപ്പോകുന്ന റോഡുകളുടെ നിർമ്മാണത്തിനും കിഴക്ക് വശത്തുകൂടെ കടന്നുപോകുന്ന റോഡിന്റെ കാനനിർമ്മാണത്തിനും ഭൂമി വിട്ടുനൽകിയത് കണക്കിലെടുത്ത് കൊണ്ട്, പ്രൊപ്പോസ്ഡ് സ്കൂളിന്റെ പെർമിറ്റിനായുള്ള അപേക്ഷയിൽ കിഴക്കു വശത്തുള്ള 5 മീറ്റർ വീതിയുള്ള റോഡിൽ നിന്നും 3 മീറ്റർ അകലത്തിൽ കെട്ടിടം രേഖപ്പെടുത്തി കൊണ്ടുള്ള revised drawings സെക്രട്ടറിയ്ക്ക് സമർപ്പിയ്ക്കേണ്ടതും ടി അപേക്ഷയിൽ സെക്രട്ടറി തുടർനടപടികൾ സ്വീകരിയ്ക്കേണ്ടതുമാണ് എന്ന നിബന്ധനകൾക്ക് വിധേയമായി, സ്കൂൾ കെട്ടിടത്തിന്റെ നിലവിലുള്ള നിർമ്മാണത്തിന്റെ ക്രമവൽക്കരണത്തിന് കേരള പഞ്ചായത്ത് ബിൽഡിംഗ് റൂൾസ് 2019 ചട്ടം 3(4) (ബി) പ്രകാരം ചട്ടം 23 (1) റോഡിൽ നിന്നുള്ള അകലം, ചട്ടം 26 (4) സെറ്റ്ബാക്ക്, ചട്ടം 27 കവറേജ് എന്നീ ചട്ടങ്ങളിൽ, കേരള പഞ്ചായത്ത് ബിൽഡിംഗ് റൂൾസ് 2019 ചട്ടം 3(4) (ബി) പ്രകാരം ഇളവ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
H MUHAMMED FAISAL
DEPUTY SECRETARY

ഫാ. അലക്സ് കറ്റേഴത്ത്, വികാർ, പുത്തൻപള്ളി ചർച്ച്,
മാനാംപടി, വരാപ്പുഴ- 683517
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം
ചീഫ് ടൗൺ പ്ലാനർ, തിരുവനന്തപുരം
ഡയറക്ടർ, തദ്ദേശ സ്വയം ഭരണ(റൂറൽ) വകുപ്പ്
ജില്ലാ ജോയിന്റ് ഡയറക്ടർ, എറണാകുളം.
സെക്രട്ടറി, വരാപ്പുഴ ഗ്രാമപഞ്ചായത്ത് , എറണാകുളം.
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ ( തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിയ്ക്കുന്നതിന്)
ഇൻഫർമേഷൻ ഓഫീസർ ( വെബ് & ന്യൂ മീഡിയ )
കരുതൽ ഫയൽ / ആഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signed by
Anjaly Devi A G
Date: 29-04-2024 12:53:39
സെക്ഷൻ ഓഫീസർ